# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 326 | 27.09.2016 - ലെ മറുപടിയ്ക്ക് |
|---|---|

## ചരക്കുസേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ചരക്കുസേവന നികുതി നടപ്പാക്കുന്നത് സംബന്ധിച്ച് നയം വ്യക്തമാക്കുമോ; | (എ) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ചരക്ക് സേവനനികുതി സമ്പ്രദായം പ്രാബല്യത്തിലാകുമ്പോൾ കേരളത്തിലെ സേവന നികുതി വിഹിതം സംസ്ഥാനത്തിന് ലഭിക്കും. ഇതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്. |
| (ബി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനായി കരട് ബിൽ തയ്യാറാക്കി വരുന്നുണ്ട്. ജി.എസ്.ടി നെറ്റ് വർക്കിന്റെ Backend module വികസിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന നടപടി സംസ്ഥാനത്ത് പുരോഗമിച്ചുവരുന്നു. ഇതിനായി വിദഗ്ധരെ തിരഞ്ഞെടുക്കുന്നതിനു |

| | | | |
|---|---|---|---|
| | | | വേണ്ടിയിട്ടുള്ള പരീക്ഷകളും മറ്റും ഒക്ടോബർ ആദ്യവാരം NIC യുടെ സഹായത്തോടെ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മാതൃകാ ജി.എസ്.ടി നിയമത്തെ ആസ്പദമാക്കി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെൻട്രൽ എക്സൈസും, നാഷണൽ അക്കാഡമി ഓഫ് കസ്റ്റംസ്, എക്സൈസ് ആന്റ് നർകോട്ടിക്സും (NACEN) സംസ്ഥാന വാണിജ്യ നികുതി വകുപ്പുമായി യോജിച്ച് കൊണ്ടുള്ള പരിശീലന പരിപാടി ആരംഭിക്കുകയും അവ തുടർന്നു വരികയുമാണ്. ഇത്തരത്തിൽ മാസ്റ്റർ ട്രെയിനർമാർക്കും, ട്രെയിനർമാർക്കും പഞ്ചദിന ട്രെയിനിംഗ് ക്ലാസ്സുകൾ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഇതിന് തുടർച്ചയായി ഫീൽഡ് ഓഫീസർമാർക്കും മറ്റുമുള്ള പരിശീലന പരിപാടികൾ ഒക്ടോബർ ആദ്യവാരം മുതൽ തുടർച്ചയായി നടത്തി ഡിസംബർ 2016 നകം തീർക്കുവാനുള്ള കാര്യപരിപാടിയുടെ കരട് തയ്യാറാക്കി വരികയാണ്. |
| (സി) | ഇതുവഴി സംസ്ഥാന സമ്പദ് വ്യവസ്ഥയിലും നികുതി വരുമാനത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ വിശദീകരിക്കാമോ? | (സി) | നികുതി നിരക്കും നികുതി നിയമവും സംബന്ധിച്ച് ഇതുവരെ അന്തിമ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ സമ്പദ് വ്യവസ്ഥയിലും നികുതി വരുമാനത്തിലുമുണ്ടാകുന്ന മാറ്റങ്ങൾ ഇപ്പോൾ തിട്ടപ്പെടുത്താനാവില്ല. |

Latheesh

**സെക്ഷൻ ഓഫീസർ**